# കേരള സർവകലാശാല

നം.പി.ആർ.170/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഇ-ടെൻഡർ

കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിലേക്ക് 20 കംപ്യൂട്ടറിനുള്ള ഇ-ടെൻഡർ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ ഇ-ടെന്റർ വെബ്സൈറ്റിൽ.

### അപേക്ഷ ക്ഷണിക്കുന്നു

എൻജിനീയറിംഗ് യൂണിറ്റിൽ കരാറടിസ്ഥാനത്തിൽ പ്ലംബറിനെ നിയമിക്കുന്നു. യോഗ്യത: എട്ടാം ക്ലാസ്, പ്ലംബിംഗ് ലൈസൻസ്, സാനിറ്ററി എഞ്ചിനീയറിംഗിൽ ഐ.ടി.ഐ സർട്ടിഫിക്കറ്റ്. പ്രായപരിധി: 36 വയസ്സ് മാസവേതനം:18,000 രൂപ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 7.

### സ്പോട്ട് അഡ്മിഷൻ

സർവകലാശാലയുടെ കീഴിലുള്ള ബി.എഡ് ട്രെയിനിംഗ് കോളേജുകളിലും, യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിലും 2018-19 അദ്ധ്യയന വർഷത്തെ ബി.എഡ് കോഴ്സിലേയ്ക്ക് ഒഴിവുള്ള സീറ്റുകളിൽ ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിൽ സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ നടത്തുന്നതാണ്. അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 10 മണിക്കു മുൻപായി അതാതു കോളേജുകളിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

### തീയതി നീട്ടി

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ചെങ്ങന്നൂർ ഇരമല്ലിക്കര ശ്രീ അയ്യപ്പാ കോളേജിൽ നടത്തുന്ന ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, യോഗ ആൻഡ് മെഡിറ്റേഷൻ എന്നീ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ആഗസ്റ്റ് 10 വരെ നീട്ടിയിരിക്കുന്നു. അപേക്ഷ ഫോം 110 രൂപയ്ക്ക് കോളേജിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 0479-2427615, 9446184311, 9961185754

### പ്രൈവറ്റ് രജിസ്ട്രേഷൻ

രണ്ടാം വർഷ എം.എ/എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയ്ക്ക് പിഴയില്ലാതെ ആഗസ്റ്റ് 8 വരെയും 50 രൂപ പിഴയോടെ ആഗസ്റ്റ് 10 വരെയും 125 രൂപ പിഴയോടെ ആഗസ്റ്റ് 14 വരെയും അപേക്ഷിക്കാം. പരീക്ഷകൾ സെപ്റ്റംബർ 25 ന് ആരംഭിക്കുന്നതാണ്.

# <u>പരീക്ഷാഫലം</u>

2017 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എസ്.സി (റെഗുലർ 2016, ഇംപ്രൂവ്മെന്റ് 2015 അഡ്മിഷൻ, സപ്ലിമെന്ററി 2013 അഡ്മിഷൻ, 2014 അഡ്മിഷൻ) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 23.

മാർച്ച് 2018 ൽ നടന്ന മൂന്നാം സെമസ്റ്റർ ബി.ടെക് (2013 സ്കീം), യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗ്, കാര്യവട്ടം (റെഗുലർ – 2016 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി – 2015 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 17. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ.

2017 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം റഗുലർ/യു.ഐ.എം/ഈവനിംഗ്/ട്രാവൽ ആൻഡ് ടൂറിസം) പരീക്ഷാഫലം വെബ്സൈറ്റിൽ.

തിരുവനന്തപുരം.
27.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**